**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3028** **10-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യവിപണനം പ്രോത്സാഹിപ്പിക്കലും ഗുണനിലവാരം ഉറപ്പാക്കലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ മത്സ്യവിപണനം പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | മത്സ്യവിപണനം പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നിവ വഴി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**<br><br>ഗുണനിലവാരം ഉറപ്പാക്കി മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് കൊല്ലം ശക്തികുളങ്ങരയിൽ ഒരു ഫിഷ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. ഇവിടെ നിന്ന് സൗരോർജ്ജ ഡ്രയറിൽ ഉണക്കിയെടുക്കുന്ന മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചുവരുന്നു. ഗുണനിലവാരമുള്ള മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് കൂടുതൽ വില ലഭ്യമാകുന്നതിനും ഇത് സഹായകരമാകുന്നു. കൂടാതെ സംസ്ഥാനത്ത് ആധുനിക ശുചിത്വപൂർണ്ണമായ മത്സ്യ മാർക്കറ്റ് ശൃംഖല രൂപീകരിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 51 മത്സ്യ മാർക്കറ്റുകളും, നബാർഡ്/സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ഓരോ മത്സ്യമാർക്കറ്റ് വീതം മത്സ്യമാർക്കറ്റ് നവീകരണ പദ്ധതികൾ നടപ്പാക്കുന്നു. പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചുവരുന്നു.<br><br>**മത്സ്യഫെഡ്**<br><br>മത്സ്യവിപണനം പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യം ന്യായമായ |

| | | | |
|---|---|---|---|
| | | | നിരക്കിൽ ലഭ്യമാക്കുന്നതിനും സംസ്ഥാന സർക്കാർ ധനസഹായത്തോടു കൂടി മത്സ്യഫെഡ് ഫിഷ് മാർട്ടുകളും, "തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക്" (Coast to Market) എന്ന പദ്ധതി വഴി അന്നന്നുള്ള മത്സ്യം അന്നന്നു തന്നെ ഉപഭോക്താക്കൾക്ക് എത്തിച്ചു നൽകുന്നതിന് "അന്തിപ്പച്ച" സഞ്ചരിക്കുന്ന മത്സ്യ മാർട്ട് പദ്ധതിയും നടപ്പാക്കുന്നുണ്ട്.<br><br>മത്സ്യഫെഡ് കേന്ദ്ര ഗവേഷണ സ്ഥാപനമായ (CIFT) ൽ വികസിപ്പിച്ച Testing Kit കൾ ഉപയോഗിച്ച് അമോണിയ, ഫോർമാലിൻ എന്നിവ മത്സ്യത്തിൽ കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചാണ് മത്സ്യം വിതരണം ചെയ്യുന്നത്. മത്സ്യഫെഡിന്റെ വിവിധ മാർട്ടുകളിൽ മത്സ്യത്തിനുള്ള ആവശ്യകത വർദ്ധിച്ച് വരുന്നതനുസരിച്ച് കേരളത്തിലുടനീളം എല്ലാ നിയമസഭ മണ്ഡലങ്ങളിലും എം.എൽ.എ മാരുടെ വികസന ഫണ്ട് ഉപയോഗിച്ച് മൊബൈൽ മത്സ്യ മാർട്ട് (അന്തിപ്പച്ച) പദ്ധതി നടപ്പിലാക്കി വരുന്നു. അതോടൊപ്പം പി.എം.എം.എസ്.വൈ പദ്ധതിയിൽ കൂടി വിവിധ ജില്ലകളിൽ ഹൈടെക് ഫിഷ് മാർട്ടുകൾ സ്ഥാപിച്ചു വരുന്നു. കൂടാതെ മത്സ്യത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും റെഡി റ്റു ഈറ്റ്, റെഡി റ്റു കുക്ക് വിഭവങ്ങളും മത്സ്യഫെഡ് മാർട്ടുകൾ വഴി വിൽപ്പന ചെയ്തു വരുന്നു. തിരുവനന്തപുരം നഗരത്തിൽ ഓൺലൈൻ / ഹോം ഡെലിവറിയായി പച്ച മത്സ്യം വിതരണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മത്സ്യഫെഡും സ്വകാര്യ സംരംഭകരും മുഖേന ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യ വിപണനത്തിന് എത്ര ഔട്ട് ലെറ്റുകൾക്കാണ് സർക്കാർ ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ളതും മായം കലരാത്തതുമായ മത്സ്യം ലഭ്യമാക്കുന്നതിന് മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ മത്സ്യബന്ധന ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവിടങ്ങളിൽ നിന്നും മത്സ്യം ശേഖരിക്കുന്നതിനായി 9 തീരദേശ ജില്ലയിലും മത്സ്യ സംഭരിക്കുന്ന കേന്ദ്രങ്ങൾ (ബേസ് സ്റ്റേഷൻ) പ്രവർത്തിക്കുന്നുണ്ട്. മത്സ്യ സംഭരണ കേന്ദ്രങ്ങൾ വഴി മത്സ്യഫെഡ് ശേഖരിക്കുന്ന മത്സ്യം ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിന് സംസ്ഥാന സർക്കാർ ധനസഹായത്തോടെ എയർകണ്ടീഷൻ സംവിധാനത്തോടു കൂടിയ 43 ഫിഷ് മാർട്ടുകളും, സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള 17 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകളും, 15 അന്തിപ്പച്ച യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.<br><br>സ്വകാര്യ സംരംഭകർക്കായി പി.എം.എം.എസ്.വൈ പദ്ധതിയിൽ അനുവദിച്ച 25 ലൈവ് ഫിഷ് വെന്റിംഗ് സെന്ററുകൾക്ക് 200 ലക്ഷം രൂപയും 90 |

| | | | |
|---|---|---|---|
| | | | കിയോസ്കുകൾക്ക് 360 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ മത്സ്യ വിപണനത്തിനായി എത്ര ഗുണഭോക്താക്കൾക്ക് ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | PMMSY- Integrated Modern Coastal Fishing Village എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തെരെഞ്ഞെടുത്ത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ വിപണനത്തിനായി ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ ചാലിയം മത്സ്യഗ്രാമത്തിൽ 50 ഇരുചക്രവാഹനങ്ങൾ വിതരണം ചെയ്യുന്നതിനാണ് ആദ്യഘട്ടത്തിൽ പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ എറണാകുളം ജില്ലയിലെ ചെല്ലാനം, നായരമ്പലം, കണ്ണൂർ ജില്ലയിലെ ചാലിൽ ഗോപാലപേട്ട മത്സ്യഗ്രാമങ്ങളിൽ യഥാക്രമം 18, 05, 05 എണ്ണം വീതം ആകെ 28 ആട്ടോ കിയോസ്കുകൾ വിതരണം ചെയ്യുന്നു.<br><br>PMMSY-Climate Resilient Coastal Fishermen Villages 2024-2025 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തെരെഞ്ഞെടുത്ത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ വിപണനത്തിനായി ആട്ടോ കിയോസ്കുകൾ വിതരണം ചെയ്യുന്നു. പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ ഇരവിപുരം, ആലപ്പുഴ ജില്ലയിലെ അഴിക്കൽ, തോട്ടപ്പള്ളി, എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ മത്സ്യഗ്രാമങ്ങളിൽ യഥാക്രമം ഒരെണ്ണം, 04 എണ്ണം, 03 എണ്ണം, 03 എണ്ണം വീതം ആകെ 11 എണ്ണം ആട്ടോ കിയോസ്കുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ സംയോജിത മത്സ്യ വികസന പദ്ധതി FIDF 2013-14 ൽ ഉൾപ്പെടുത്തി മത്സ്യഫെഡ് മുഖേനെ മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന 43 പുരുഷന്മാർക്ക് ഇരുചക്രവാഹനം വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ